LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് അപേക്ഷ ലഭിച്ചാലുടൻ പ്രസ്തുത രാജ്യത്തിലെ എംബസിയുമായി ബന്ധപ്പെട്ട് അടിയന്തരമായി മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ എംബസി മുഖേനയല്ലാതെ നാട്ടിൽ എത്തിക്കുന്ന മൃതദേഹങ്ങളുടെ കാര്യത്തിൽ, മരണമടഞ്ഞ പ്രവാസിയുടെ കുടുംബത്തിനോ, അയാളുടെ ബന്ധുക്കൾക്കോ മറ്റ് ധനാഗമ മാർഗ്ഗങ്ങളില്ലാത്ത സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000 രൂപ സഹായമായി നൽകുന്നു.

(ബി) ഉണ്ട്. വിദേശരാജ്യങ്ങളിൽ മരണമടയുന്ന ഇന്ത്യാക്കാരുടെ മൃതദേഹങ്ങൾ അതാത് രാജ്യങ്ങളിലുള്ള ഇന്ത്യൻ എംബസി വഴിയാണ് നാട്ടിലെത്തിക്കുന്നത്. ഇന്ത്യൻ എംബസി വഴിയല്ലാതെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള ചെലവ് പരമാവധി 50,000 രൂപ പ്രവാസികാര്യ വകുപ്പിന്റെ കാരുണ്യം പദ്ധതി പ്രകാരം സഹായമായി നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 26-11-2015 വരെ ആകെ 46 പേർക്ക് ധനസഹായം അനുവദിച്ചു.

(സി) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ സർവ്വീസ്/ബിസിനസ്സ് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് മുഖേനയും സർക്കാർ മുഖേനയും സഹായിക്കുന്നുണ്ട്. സർവ്വീസ് ആനുകൂല്യങ്ങൾ, ശമ്പള കുടിശ്ശിക എന്നിവ ലഭിക്കുന്നതിന് 2014-ൽ നൂറോളം അപേക്ഷകളും 2015-ൽ അൻപതോളം അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിലെല്ലാം ഉടർ നടപടികൾ എംബസിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

വിദേശങ്ങളിൽവച്ച് അപകടത്തിൽപ്പെട്ട് മരിക്കുന്ന മലയാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

89 (1560) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിക്കുപോയി അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ഏതെല്ലാം രീതിയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടെന്നും ആയതു കേരളത്തിൽ ഒരാൾ അപകടത്തിൽപ്പെട്ട് മരണമടഞ്ഞാൽ അവരുടെ കുടുംബങ്ങൾക്ക് കിട്ടുന്ന ധനസഹായത്തേക്കാൾ കൂടുതലാണോ എന്നും വ്യക്തമാക്കുമോ;

(ബി) മൃതശരീരം നാട്ടിലെത്തിക്കാനുള്ള ചെലവ് കണക്കിലെടുക്കുമ്പോൾ പ്രസ്തുത കുടുംബങ്ങൾക്ക് നൽകുന്ന തുക വളരെ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് തുക പരിഷ്കരിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായത്തിനായി അപേക്ഷ നൽകിയവരിൽ ചേർത്തല താലൂക്കിലെ ചേർത്തല വടക്ക്, കൊക്കോതമംഗലം, പട്ടണക്കാട്, വയലാർ, കടക്കരപ്പള്ളി, തണ്ണീർമുക്കം വടക്ക്, ചേർത്തല തെക്ക്, തണ്ണീർമുക്കം തെക്ക്, കഞ്ഞിക്കുഴി വില്ലേജുകളുടെ പരിധിയിൽപ്പെട്ട എത്ര അപേക്ഷകളിൽ ഈ സർക്കാരിന്റെ കാലയളവിൽ തീർപ്പുണ്ടായി എന്നും എത്ര രൂപവീതം സഹായം അനുവദിച്ചുവെന്നും എത്രയെണ്ണം ഇനിയും തീർപ്പാക്കാനുണ്ടെന്നും എന്തുകൊണ്ടാണ് ഇവയിൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതെന്നും പ്രസ്തുത കേസുകളിൽ അടിയന്തിരമായി സാമ്പത്തിക സഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സാമ്പത്തിക സഹായത്തിനായി മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്ക് അപേക്ഷ നൽകിയ കേസുകളിൽ എത്ര എണ്ണം നോർക്ക വകുപ്പിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നും അവയിൽ ഇനിയും സാമ്പത്തിക സഹായം അനുവദിക്കാത്ത എത്ര കേസുകൾ ഉണ്ടെന്നും ഇതിൽ ചേർത്തല താലൂക്കിലെ എത്ര കേസുകൾ ഉണ്ടെന്നും അവ ആരുടെയെല്ലാം കേസുകളാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശത്ത് ജോലിക്ക് പോയി അപകടത്തിൽപ്പെട്ട് മരണമടയുന്ന നോർക്ക-റൂട്ട്സിന്റെ പ്രവാസി ഇൻഷ്വറൻസ് കാർഡ് എടുത്തിട്ടുള്ള പ്രവാസി കേരളീയരുടെ നോമിനിക്ക് അപകടമരണ ഇൻഷ്വറൻസ് തുകയായ 2,00,000 രൂപ വരെ നൽകിവരുന്നുണ്ട്. കൂടാതെ നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി വഴി അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ധനസഹായനിധിയായ ചെയർമാൻഫണ്ട് മുഖേനയോ വിദേശത്ത് മരണമടയുന്ന കേരളീയരുടെ അവകാശിക്ക് (വാർഷിക വരുമാനം 1,00,000 രൂപ വരെയുള്ളവർക്ക്) നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000 രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നുണ്ട്. കേരളത്തിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബാംഗങ്ങൾക്ക് കിട്ടുന്ന ധനസഹായത്തെക്കുറിച്ച് പ്രവാസികാര്യ വകുപ്പിന് അറിവില്ല.

(ബി) ഇല്ല. മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ എംബസിയോ വഹിക്കാതിരിക്കുന്ന സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി പ്രവാസികാര്യ വകുപ്പ് കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000 രൂപ ധനസഹായമായി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാന്ത്വന/ചെയർമാൻ ഫണ്ട് പദ്ധതികൾ മുഖാന്തരം മരണാനന്തര ധനസഹായത്തിന് അർഹരായ ആലപ്പുഴ ജില്ലയിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു : (താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല)

സാന്ത്വന പദ്ധതി

വർഷം	മരണാനന്തര ധനസഹായം ലഭ്യമായ ഗുണ ഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക
2011-12	4	40,000
2012-13	10	1,60,000
2013-14	52	35,98,000
2014-15	30	26,10,000

ചെയർമാൻ ഫണ്ട് പദ്ധതി

വർഷം	മരണാനന്തര ധനസഹായം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക
2011-12	3	30,000
2012-13	2	35,000
2013-14	3	1,20,000
2014-15	...	...

കൂടാതെ പ്രവാസി ഐ.ഡി. കാർഡിന്റെ ഇൻഷ്വറൻസ് പരിരക്ഷയായ 2,00,000 രൂപയുടെ ധനസഹായം ആലപ്പുഴ ജില്ലയിലെ ഒരു ഗുണഭോക്താവിന് 2013-ൽ വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അപേക്ഷകരിൽ 20-11-2014-നുശേഷം നാളിതുവരെ മരണാനന്തര ധനസഹായത്തിന് സാന്ത്വന പദ്ധതി വഴി സർക്കാർ ഉത്തരവ് നൽകിയ 28 ഗുണഭോക്താക്കൾക്ക് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് തുക വിതരണം ചെയ്യുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരണാനന്തര ധനസഹായത്തിനായി നോർക്ക-റൂട്ട്സിൽ നിന്നും ലഭിച്ച 3735 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. സാന്ത്വന പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച മുഴുവൻ തുകയും വിതരണം ചെയ്തുകഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ അധിക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. ചേർത്തല താലൂക്കിൽ ധനസഹായം അനുവദിക്കാത്ത കേസുകൾ നിലവിലില്ല. ധനസഹായം അനുവദിച്ചിട്ടുള്ള ശ്രീമതി പ്രീത എസ്., ചെല്ലം വീട്, ചേർത്തല താലൂക്ക്, വരനാട് എന്ന ആൾക്ക് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

1354/2017

LIBRARY ARCHIVES Kerala Legislative Assembly